(ഡി) പ്രസ്തുത ഫയലിൽ ലീഗൽ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി നിശ്ചയിക്കാൻ കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ ഏതു ചട്ടം പാലിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയമ വകുപ്പിനെ സംബന്ധിച്ചിടത്തോളം ലീഗൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് 11 കേസുകൾ നിലവിലുണ്ട്. ഇതിൽ എട്ട് (8) കേസുകളിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു കേസിൽ സ്റ്റേറ്റുമെന്റ് ഓഫ് ഫാക്ട്സ് അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുത്തിട്ടുണ്ട്. ബാക്കി രണ്ടു കേസുകളിൽ സ്റ്റേറ്റുമെന്റ് ഓഫ് ഫാക്ട്സ് അയച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിയമ വകുപ്പിനെ സംബന്ധിച്ചിടത്തോളം സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനവും സീനിയോറിറ്റിയും നിശ്ചയിക്കുന്നത്. പ്രസ്തുത ചട്ടങ്ങളുടെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു.†

(സി) നിയമ വകുപ്പിലെ 9390/എഡി 2 (2)/നിയമം/03 നമ്പർ ഫയൽ പി.ആന്റ്.എ.ആർ.ഡി. വകുപ്പിൽ അയച്ചിരുന്നു.

(ഡി) പ്രസ്തുത ഫയലിൽ പി.ആന്റ്.എ.ആർ. വകുപ്പ് ഉപദേശിച്ചിട്ടുള്ളത് നേരിട്ടുള്ള നിയമനങ്ങൾക്ക് ജി.ഒ. (പി) 41/90/പി.ആന്റ്.എ.ആർ.ഡി. തീയതി 17-9-1990 പ്രകാരം ആദ്യം അഡ്വൈസ് ചെയ്ത തീയതി മുതൽ റാങ്കും സീനിയോറിറ്റിയും നിശ്ചയിക്കണമെന്നാണ്.

എക്സ്പ്രസ് ഹൈവേ നിർമ്മാണ പദ്ധതി

62 [678] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് റീച്ചാണ് ആദ്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്, എന്ന് വ്യക്തമാക്കുമോ;

(സി) നേരത്തെ തീരുമാനിച്ച റൂട്ട് പ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2005-ാമാണ്ട് മദ്ധ്യത്തോടുകൂടി തുടങ്ങുന്നതിനാണ് ആലോചിക്കുന്നത്.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാനിരിക്കുന്നതേയുള്ളൂ. പ്രാഥമിക പഠനപ്രകാരം മദ്ധ്യഭാഗമാണ് പ്രാധാന്യം അർഹിക്കുന്നത്.

(സി) ഈ നിർദ്ദിഷ്ട പാതയുടെ റൂട്ട് ഫീൽഡിൽ മാർക്ക് ചെയ്ത് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly